(ബി) ഈ ഗഡുക്കൾക്ക് മുടക്കം ഉണ്ടാകുവാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഗഡുക്കൾ കൊടുത്തുതീർക്കുവാൻ എത്ര തുക വേണ്ടി വരും ;

(ഡി) മുടക്കം വന്ന ഗഡുക്കൾ ഒന്നിച്ചു കൊടുക്കാൻ കഴിയുമോ ;

(ഇ) എങ്കിൽ അവ എന്നത്തേക്ക് കൊടുക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-5-2003-ലെ കണക്കുകളനുസരിച്ച് താഴെ പറയും പ്രകാരം വായ്പാ ഗഡുക്കൾ അനുവദിക്കുവാനുണ്ട്.

		1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു
1.	മൈത്രീ ഭവന പദ്ധതി	4,005	10,200	15,128
2.	എൽ.ഐ.ജി. ഭവന പദ്ധതി	267	99	34
3.	എം.ഐ.ജി. ഭവന പദ്ധതി	104	78	10
4.	എച്ച്.ഐ.ജി. ഭവന പദ്ധതി	3	—	—
	ആകെ	4,379	10,377	15,172

(ബി) ഹഡ്കോയിൽ നിന്നുള്ള വായ്പ മുടങ്ങിയതുമൂലമാണ് ഗഡുക്കൾക്ക് മുടക്കം ഉണ്ടായത്.

(സി) 41.83 കോടി രൂപ.

(ഡി) ഇല്ല.

(ഇ) കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അനുസരിച്ച് മാത്രമേ ഗഡുക്കൾ വിതരണം ചെയ്യാനാവൂ.

അദ്ധ്യാപകരുടെ കൈപുസ്തകവും പാഠപുസ്തകവും ലഭ്യമാക്കുന്നതിന് നടപടി

50 (2883) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം ആരംഭിച്ച് ഒരു മാസം പിന്നിട്ടിട്ടും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് സഹായകരമായ അദ്ധ്യാപകരുടെ കൈപുസ്തകം ആവശ്യത്തിന് ലഭ്യമല്ലാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപകരുടെ കൈപുസ്തകം അടിയന്തിരമായി ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ഏതൊക്കെ ക്ലാസ്സുകളിലെ ഏതൊക്കെ പുസ്തകങ്ങളാണ് ഇനിയും അച്ചടി പൂർത്തീകരിക്കാത്തത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാഠപുസ്തകങ്ങൾ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) പാഠപുസ്തകങ്ങൾ അച്ചടിച്ച് വിൽപ്പന നടത്തുവാൻ സ്വകാര്യ ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) I, II, III, IX ക്ലാസ്സുകളിലെ മാറിയ പാഠപുസ്തകങ്ങൾക്കനുസരിച്ചുള്ള അദ്ധ്യാപകസഹായികൾ ഓരോ സ്കൂളിനും രണ്ട് കോപ്പികൾ വീതം സൗജന്യമായി വിതരണം ചെയ്യുന്നതിനു വേണ്ടി അതാതു ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ജൂൺ ആദ്യം തന്നെ എത്തിക്കാൻ ഡി.പി.ഐ. മുഖാന്തിരം നടപടി സ്വീകരിച്ചിരുന്നു. തുടർന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഹെഡ്മാസ്റ്റർമാർക്ക് വിതരണം നടത്തി വരുന്നു.

(സി) 1,2,3,7,8,9 ക്ലാസ്സുകളിലേക്കുള്ള ഏതാനും പുസ്തകങ്ങൾ കൂടി മാത്രമേ അച്ചടിക്കുവാനുള്ളൂ. ഇവയുടെ അച്ചടി ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു.

(ഡി) 2003-2004 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയുടെ 95%-ലധികം പൂർത്തീകരിച്ചു കഴിഞ്ഞു. ടി പുസ്തകങ്ങൾ വിതരണത്തിനായി ഇതിനകം ജില്ലാ ഡിപ്പോകളിൽ എത്തിച്ചു കഴിഞ്ഞിട്ടുണ്ട്. പാഠപുസ്തക വിതരണത്തിന്റെ പുനഃക്രമീകരണമടക്കമുള്ള എല്ലാ നടപടികളും ഓഗസ്റ്റ് 16-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

51 (2886) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1 മുതൽ 10 വരെയുള്ള മലയാളം മീഡിയം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്ക് വേണ്ടി 2003-ൽ എത്ര ലക്ഷം പാഠപുസ്തകങ്ങളാണ് അച്ചടിച്ചത് ;

(ബി) പ്രസ്തുത പാഠപുസ്തകങ്ങൾ പൂർണ്ണമായും ഗവൺമെന്റ് പ്രസ്സിലാണോ അച്ചടിച്ചത് ; അതോ സ്വകാര്യ പ്രസ്സിലാണോ അച്ചടിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly